# ദേവത

................പാവപ്പെട്ടോർക്കുള്ളതല്ലൊരിക്കലും
കൈതവക്കൊടിക്കൂറ പാറിടുന്നൊരീ ലോകം.

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ദേവത

[ഒരു ലഘുകാവ്യം]

Digitized By Kerala Sahitya Akademi

# DEVATHA

## [POEM]

By

Changampuzha Krishna Pillai

*Fourth Impression—April, 1963*
*One Thousand Copies.*

PUBLISHERS:

THE MANGALODAYAM (PRIVATE) LTD.,

TRICHUR-1.

Price: Re. 0-50

Printed at the Mangalodayam Press, Trichur-1.

Digitized By Kerala Sahitya Akademi

# ദേവത

[ഒരു ലഘുകാവ്യം]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള


പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ

തൃശ്ശിവപേരൂർ.



1 - കവിത

കൃ. പിള്ള

ദേവത



*1963/1138*



Digitized By Kerala Sahitya Akademi

First Impression in Thulam, 1120
( 1000 Copies )
Reprinted in Medom, 1121
( 1000 Copies )
Reprinted in Medom, 1129
( 1000 Copies )
Reprinted in Medom, 1138
( 1000 Copies )

*Copyright reserved by*
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
[ Kerala State. ]

വില:
അമ്പതു ന. പ.

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

Digitized By Kerala Sahitya Akademi

To

# P. I. Ignatius Esq., B. A.

(PUTHETT, THODUPUZHA)

MY DEARFST FRIEND AND CLASS-MATE.

10-4-1119. Changampuzha

Digitized By Kerala Sahitya Akademi

പ്രേമമേ, നിൻപേരു കേട്ടാൽ
പേടിയാം, വഴി പിഴച്ച
കാമകിങ്കരന്മാർ ചെയ്യും
കടുംകൈകളാൽ!

—എൻ. കുമാരനാശാൻ

Digitized By Kerala Sahitya Akademi

പങ്കജ്ജു കീഴിലെശ്ശൃംഗാരനിദ്രയിൽ
പങ്കെടുക്കാമെന്ന നില്പ്പിജ്ജവാഞ്ഛരിതം
എന്നിൽക്കിളുന്നതല്ലല്പ്പമാനോട്ട ഞാ-
നന്യൂനരാഗമിയലുവാൻ കാരണം.
മര്ത്ത്യനെ മര്ത്ത്യനൊടോരോത്താരു മര്ത്ത്യനു
മജ്ജീവിതം, ഹാ, സമര്പ്പണംചെയ്തു ഞാൻ!

—ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ദേവത

കരഞ്ഞീലത്യുച്ചത്തി-
ലാരാനും കേട്ടെങ്കിലോ
ഞെരങ്ങീ തേങ്ങിപ്പാവം
പ്രാണവേദനമൂലം.

കഴിയും സഹിക്കുവാൻ
മററെന്തും, പ്രസവത്തിൻ-
കടുയാതനപോലെ
തീക്ഷ്ണമായ് മററില്ലൊന്നും.

ഒടുവിൽ—താനേ മിഴി
കൂമ്പിപ്പോയ്, സ്വബോധത്തിൻ
പിടിവിട്ടെങ്ങോ തെറി-
ച്ചിരുളിൽത്താണു ചിത്തം!—

സർവ്വവും ശൂന്യം, വെറും
വിജനം തമോമയം
ഉർവ്വിയേ, നിശിതമാം
നിന്നിച്ഛ നടക്കട്ടേ!]

—ആ മയക്കത്തിൻമടി-
ത്തടത്തിൽ കുറെ നേര-
മാ മട്ടിൽ തളർന്നവൾ
കിടന്നു—പൊങ്ങീ ചന്ദ്രൻ!

Digitized By Kerala Sahitya Akademi

ഉദ്രസമൂർന്നുന്നൊത്തും
വെൺനിലാക്കതിരുകൾ
നൃത്തമാടുന്നു ചുററും
കിന്നരിമാരെപ്പോലെ!

രാക്കിളി മരപ്പൊത്തിൽ
ചിലച്ചു—ഞെട്ടിപ്പിട-
ഞ്ഞാത്തസംഭ്രമം പണ്ടി-
പ്പെട്ടവളെഴുന്നേററു.

വന്നാലയ്ക്കുന്നു കാതിൽ
പിഞ്ചുരോദനമൊന്നിൻ-
കുഞ്ഞല....യവൾക്കതാ
കുളിർകോരുന്നു മെയ്യിൽ!—

[അവളും മാതാവായീ
ലോകത്തിൻപുരോഗതി-
ക്കവളും താങ്ങായ്—പക്ഷേ
നന്ദികാട്ടുമോ ലോകം?]

—കുഞ്ഞിനെ വാരിക്കോരി-
യെടുത്തു മാറിൽച്ചേർത്തു
നെഞ്ചിടിപ്പോടേ ചാരി-
യിരുന്നു മരച്ചോട്ടിൽ.

തന്നത്താൻ ചുരന്നുപോ-
യാ മുല രണ്ടും!—ഹാ ഹാ
മന്നിൽ മറ്റെന്തുണ്ടു നിൻ-
മീതെയായ്, മാതൃത്വമേ!

Digitized By Kerala Sahitya Akademi

ചിറകററതാം ചിത്ര-
ശലഭത്തിനെപ്പോലെ
പിറകൊള്ളുന്നു ചിത്തം
ചിന്തകൾ ചിതറുന്നു.

തീർന്നുപോകില്ലേ രാത്രി?
വെളിച്ചം കിഴക്കനി-
ന്നുന്നുവീഴില്ലേ?—വീണ്ടും
ലോകമിതുണരില്ലേ?

ക്ഷുദ്രമിപ്രപഞ്ചത്തിൽ
ജീവിതമൊരു നീണ്ട
നിദ്രയും നിശീഥവും
മാത്രമായിരുന്നെങ്കിൽ!

പതറിപ്പറക്കുന്നു
മാനസം പലമട്ടിൽ
പതിച്ചും തല്ലിത്തല്ലി-
പ്പിടച്ചും മേലോട്ടാഞ്ഞും!

ഇല്ലല്ലോ തനിക്കൊരു-
മഭയം—ചുററും വിഷ
കല്ലുകൾ, മുനകൂത്ത
മുള്ളുകൾ, തീക്കണ്ഡങ്ങൾ!

അനങ്ങാനരുതല്ലോ!—
വിണ്ണിലങ്ങതാ ദൂര-
ത്തവൾതൻനേരേ നോക്കി-
ച്ചിരിപ്പൂ നക്ഷത്രങ്ങൾ!

***

Digitized By Kerala Sahitya Akademi

ചിത്രങ്ങളം, ദയനീയ-
ചിത്രങ്ങളം, നടുങ്ങിപ്പോം-
ചിത്രങ്ങളം, കണ്ണീരിൻെറ
ചിത്രങ്ങളം കാണായ് മുന്നിൽ!—

..............................................

തീപ്പൊരി പാറും കണ്ണോ-
ടുഗ്രനാം വളത്തച്ഛൻ
തീപ്പു ഗർജ്ജിപ്പൂ: "വീട-
വിട്ടിറങ്ങിപ്പോ, ശാശേ!

കാലൊടിക്കും ഞാൻ കണ്ടാൽ
കല്ലെറി,ഞ്ഞോതാത്തോ, കണ്ണിൽ-
ക്കാണരുതിനിമേലിൽ
തേവിടിശ്ശിയാം നിന്നെ....!"

"പൊറുക്കു കനി,ഞ്ഞച്ഛാ,
മേലിൽ....ഞാൻ"—"ഛീ, മിണ്ടാതെ
പുറത്തു പോകൂ,ാ, നാണം-
കെട്ടവളേ, നീ വേഗം!

നിന്നാലെൻതരം മാറും,
കഴിക്കം കഥയിപ്പോ-
ളൊന്നിച്ചു രണ്ടിൻേറയും
നന്നായിക്കരുതിക്കോ!

ഇറങ്ങു!"—ചുരുട്ടിയ
മുഷ്ടിയോ,ടലറിക്കൊ-
ണ്ടൊരു ഭൂർത്തംപോലെ
പാഞ്ഞടുക്കുന്നു താതൻ!

Digitized By Kerala Sahitya Akademi

ഞൊടിയിൽ, താനോമന-
ക്കുഞ്ഞിനെ മാറിൽച്ചേർത്തു
പടിവിട്ടിറങ്ങുന്നൂ—
ചിരിപ്പൂ നക്ഷത്രങ്ങൾ!

വിസ്തൃതവിശ്വം മുന്നിൽ,
തിമിരം കൂത്താടുന്ന
വിസ്തൃതവിശ്വം മുന്നിൽ!—
ചിരിപ്പൂ നക്ഷത്രങ്ങൾ!

ദൂരത്തു ദൂരത്തോരോ
നേർത്ത വെൺകതിർ പാകി-
പ്പാറുന്നുണ്ടിടയ്ക്കിടെ-
ത്തൈമിന്നാമിനുങ്ങുകൾ.

ആവലിൻചിറകടി,
വിശപ്പ്, ദാഹം!—തന്നി-
ക്കാവതെന്തയ്യോ, കൈയി-
ലൊരു ചെഞ്ചോരപ്പൈതൽ!

ആ മരച്ചോട്ടിൽച്ചെന്നു
കിടക്കാം, കരഞ്ഞിടാ-
യ്കോമനേ, തേങ്ങിത്തേങ്ങി,-
ച്ചിരിപ്പൂ നക്ഷത്രങ്ങൾ!

***

Digitized By Kerala Sahitya Akademi

ഉന്നതഭാഗ്യം ശിര-
സ്സുയർത്തി നില്ക്കുംപോലെ
മുന്നിലായൊരു രമ്യ-
ഹർമ്മ്യമങ്ങതാ കാൺമൂ:

പുച്ഛഭാവത്തിൽപ്പിച്ച-
ക്കാരെ നോക്കിക്കൊ,ണ്ടോരോ
പുഷ്പങ്ങൾ ചിരിക്കുന്നു
പൂന്തോട്ടത്തിനു പിന്നിൽ!—

ഭക്ഷണം യാചിച്ചെത്തും
ഭിക്ഷുകരെശ്ശാസിച്ചു
പക്ഷികൾ ചിലയ്ക്കുന്ന
പൂമരച്ചാർത്തിൻപിന്നിൽ!—

പട്ടിണിപ്പുരിഷയെ-
പ്പടികേറിപ്പിക്കാത്ത
പട്ടികൾ കുരയ്ക്കുന്ന
പൂമുററത്തിനു പിന്നിൽ!—

ഉണ്മയിൽ സന്ധ്യാലക്ഷ്മി
സിന്ദൂരം പൂശിച്ചൊരാ
വെണ്മാടത്തിന്മേ,ലൊരു
പട്ടുമെത്തയും ചാരി,

ചിന്നിടും സിതധൂമ-
വലയങ്ങളെ നോക്കി
മന്ദമാരുതനുമേ-
ററിരിപ്പൂ ഗൃഹനാഥൻ!

Digitized By Kerala Sahitya Akademi

ആ നോട്ടം യദൃച്ഛയാ
താഴത്തെ നിരത്തിലേ-
ക്കാപതിപ്പൂ;—ഹാ, തന്നി-
യ്ക്കെന്തിനിപ്പുളകങ്ങൾ?

മിന്നൽപോൽപ്പിടഞ്ഞൊററു
മാറിയോരെജമാനൻ-
തന്നുഗ്രസ്വരമിടി-
വെട്ടുന്നതേവം കേൾപ്പൂ:

“ആരെടാ പടിവാതിൽ
തുറന്നിട്ടതാ,പ്പിച്ച-
ക്കാരിപ്പെണ്ണിനെയാട്ടി-
യോടിക്ക വേഗം ദൂരേ!”........

ആരുടെയാഗ്നേയാസ്ത്ര-
മാണതു?—തൻപ്രാണനാ-
മാരോമൽക്കുഞ്ഞിൻതാത-
നന്യയാണെന്നോ താനും?

ഇരുൾമൂടുന്നു കണ്ണിൽ,
സർവ്വാംഗം തളരുന്നു,
കരയാൻപോലും, കഷ്ടം,
കഴിയാതായീടുന്നു!

രാഗനൈർമ്മല്യത്തിനെ-
ദ്ദംശിച്ചു മൂർച്ഛിപ്പിച്ച
ഭോഗമേ, ഫണം വിരി-
ച്ചിപ്പൊഴും ചീററുന്നോ നീ?

Digitized By Kerala Sahitya Akademi

എന്തിടിത്തീയാണെന്നോ
പൂനിലാവിൻവേഷത്തി-
ലന്തികത്തെത്തി,ത്തന്നെ-
യാകർഷിച്ചൊരാ സ്വപ്നം?

ചേണെഴും വിശ്വാസമേ,
നീ വെറും മരീചിക-
യാണെന്നോ?— ചിരിക്കുന്നു
സാന്ധ്യതാരകൾ വിണ്ണിൽ!

***

വ്യവസായോൽക്കർഷത്തിൻ-
കേന്ദ്രമാം ശാലയ്ക്കുള്ളി-
ലവൾ നില്ക്കുന്നു കൂട്ടു-
കാരികളോടുംകൂടി.

എല്ലാർക്കുമവളൊററ-
ച്ചങ്ങാതിയാ,ണാരോടും
ചൊല്ലിയിട്ടില്ലിന്നോളം
മുഷിഞ്ഞിട്ടൊരു വാക്കും.

അത്രമേൽ വിനീതമായ്
നിന്നൊരാ വനപുഷ്പം
നിസ്തുലസൌരഭ്യത്തിൻ-
ധാമമായിരുന്നൊന്നോ?

കൂട്ടുകാരികളൊത്തം-
വെച്ചോതിക്കളിപ്പിപ്പൂ:—
"കാട്ടുചെമ്പകപ്പൂവേ,
കാമിപ്പൂ നിന്നെസ്സോമൻ!"

***

Digitized By Kerala Sahitya Akademi

ചൊല്ലുന്നു യജമാനൻ
നഗ്നമാം തൻമാൎത്തട്ടിൽ-
പ്പുല്ലുവാംഗുലികൾ ചേർ-
"ത്തോമനേ, പേടിക്കേണ്ട!

ഞാനുണ്ടു നിനക്കെന്നും!"—
അപ്രാണനാഥൻതന്നെ-
യാണെന്നോ ഗൎജ്ജിച്ചതു
പിച്ചക്കാരിയെന്നിപ്പോൾ?

ആരുടെ തൃക്കാല്ക്കൽത്തൻ—
സൎവ്വവും സമൎപ്പിച്ചി-
താരാവി,ലദ്ദേഹത്തി-
നിന്നു താൻ പിച്ചക്കാരി!

കൈതവമറിയാത്ത
തൻപ്രാണസൎവ്വസ്വമാം
പൈതലിൻതാതന്നിന്നു
താൻ വെറും പിച്ചക്കാരി!

ഇരുളിൽ കാമഭ്രാന്തിൻ—
'പ്രാണനാമാരോമലാ',-
ണരുതോൎക്കുവാൻ, കഷ്ടം,
താനിന്നു പിച്ചക്കാരി!

ഹൃദയം തകൎന്നു താൻ
പിൻമടങ്ങുന്നു!—കൊടും-
ചതി!—പിന്നെയും നോക്കി-
ച്ചിരിപ്പൂ നക്ഷത്രങ്ങൾ!

* * *

Digitized By Kerala Sahitya Akademi

ഉണ്ടൊരു ചെററപ്പുര-
യവൾക്കും, തെരുവിൽപ്പോയ്
തെണ്ടാതെ കൂലിപ്പണി
ചെയ്യുകയാണവൾ വീണ്ടും.

പട്ടിണിയാണെങ്കിലും
തനിക്കു, പൊന്നോമന-
ക്കുട്ടനെ വിശപ്പിക്കാ-
നിടയായിട്ടില്ലല്ലോ!

പുസ്തകങ്ങളും സ്ലേററു-
മേന്തിക്കൊ,ണ്ടുടുപ്പുമി-
ട്ടത്യന്തസന്തുഷ്ടനായ്,
കൂട്ടുകാരോടും കൂടി,

പോകുന്നു വിദ്യാലയ-
ത്തിങ്കലേക്കവൻ, ഹർഷ-
മൂകയായ് പടിക്കൽ,ത്താൻ
നില്ക്കുകയാണതും നോക്കി!

വഴിയേ പോയീടുവോർ
ശൃംഗാരസാന്ദ്രസ്മിതം
വഴിയും കൺകോണിനാൽ
കല്ലെറിയുന്നു തന്നെ!

ദരിദ്രയെന്നാരിക്കലും
സുന്ദരിയായിക്കൂടാ-
ത്തൊരു ലോകത്താണല്ലോ
ജീവിക്കേണ്ടതു, പാവം!

Digitized By Kerala Sahitya Akademi

ഇരുളിൽ,ക്കരിയില_
പോലുമൊന്നനങ്ങിയാ_
ലുറക്കെക്കരച്ചും തൻ_
നായിൻെറ സഹായത്താൽ,

സതതം ചകിതമായ്
മേവും, തൻചാരിത്രത്തിൽ
ക്ഷതമേററില്ലിന്നോള,_
മീശ്വരൻ ജയിക്കട്ടേ!

***

വുലർവേളയിൽ മൂടൽ_
മഞ്ഞൊഴിഞ്ഞൊഴി,ഞ്ഞാരാൽ_
ത്തെളിയും ശൈലോത്തുംഗ_
ശൃംഗമണ്ഡലംപോലെ

അവതീർണ്ണമാ,യതാ
കാൺകയാണവൾ മുന്നി_
ലരുമപ്പൈതലിൻ_
വിഖ്യാതവിദ്യാലയം!

വട്ടമിട്ടതാ നില്പൂ
തന്നോമൽക്കുഞ്ഞിൻചുററും
കുട്ടികൾ,ളൊരുത്തനു_
ണ്ടിങ്ങനെ ചോദിക്കുന്നു:

"ആരെടാ നിന്നച്ഛൻ?"—ഹാ,
മിണ്ടാതെ മുഖം കുനി_
ച്ചാരോമൽപ്പുത്രൻ നില്പൂ—
ചിരിപ്പു മററെല്ലാരും!

Digitized By Kerala Sahitya Akademi

"തന്തയില്ലാത്തോൻ, കഷ്ടം,
തന്തയില്ലാത്തോൻ!"—കൈകൾ
സന്തോഷപൂർവ്വം കൊട്ടി-
യാർത്തവർ ചിരിക്കുന്നു!

തൻമണിക്കുഞ്ഞിൻറെ
കൺകളും നിറ,ഞ്ഞിളം
പൊൻമലർക്കവിളിലൂ-
ടൊഴുകുന്നല്ലോ കണ്ണീർ!

അഴലാകാരംപൂണ്ടു
വന്നപോൽ, വൈകുന്നേര-
ത്തരികേ വന്നിട്ടിതാ
ചോദിപ്പൂ തന്നോടവൻ:

"അച്ഛനാരെനിക്കമ്മേ?"—
ഹൃദയം പൊട്ടിത്തക-
ർന്നശ്രുധാരയിൽ മുങ്ങി-
ത്താൻ നിലംപതിക്കുന്നു!

* * *

അവനും വളരുന്നു-
ണ്ടാ വിദ്യാലയത്തിലേ-
ക്കവനാ ദിനംതൊട്ടു
ചെന്നിട്ടില്ലൊരിക്കലും!

Digitized By Kerala Sahitya Akademi

തെരുവിൽത്തെണ്ടിത്തെണ്ടി
നടപ്പു, മേലാകവേ
ചൊറിയും ചേറും നിറ-
ഞ്ഞിന്നവ,നതാ നോക്കൂ!

ഹോട്ടലിൻപിൻഭാഗത്തു-
ള്ളാ നാറുമെച്ചിൽക്കണ്ടി-
ലാട്ടിയോടിച്ചാലോടി
മാറിയും, വീണ്ടും വന്നും,

പടിച്ചുനക്കീടുന്നീ-
താത്തിയോടിലയോരോ-
ന്നടങ്ങാതാളിക്കത്തും
വിശപ്പിൽ പൊരിഞ്ഞവൻ!

നാസ്തൂറാക്കപോലും, കഷ്ടം,
വെറുപ്പാണവനോടു—
നാററമുണ്ടവനോടു-
ത്തടുക്കില്ലാരുംതന്നെ!

എന്നാലു,മവനുണ്ടു
കൂട്ടുകാ,രെച്ചിൽക്കണ്ടി-
ലൊന്നിച്ചു കൂടീടുന്ന
പട്ടിണിപ്പേക്കോലങ്ങൾ!

കുഷ്ഠവും, പീളക്കണ്ണും,
വ്രണവും, പാണ്ടും, പലേ-
മട്ടിവ,യോരോന്നായു,-
മൊക്കെയും കൂടിച്ചേർന്നും,

Digitized By Kerala Sahitya Akademi

നോക്കിയാലറ്റമില്ലാത്ത
സത്വങ്ങൾ!—അവയിലൊ-
ന്നാക്കിയല്ലോ, ഹാ, കഷ്ടം,
തൻകുഞ്ഞിനേയും, ദൈവം!

എങ്ങനെ സഹിക്കും താൻ?
ഹൃദയം തകരുന്നി-
തെന്നിട്ടും—ചിരിക്കുന്നു
നിർദ്ദയം നക്ഷത്രങ്ങൾ!

***

കീറപ്പാഴ്ത്തുണികളാൽ
പൊതിഞ്ഞീടിലും, പൊട്ടി-
ച്ചോരയും ചലവും ചേ-
ർന്നൊന്നിച്ചു പററിക്കൂടി,

കാച്ചിൽ വെട്ടിയ മട്ടി-
ലിരിക്കും കണങ്കാലി-
ലിച്ചയാർത്തരിച്ചരി-
ച്ചങ്ങനെ തൊന്തിത്തൊന്തി,

തെരുവിൽ,ത്തൻപുത്രൻെറ
പിന്നാലെ, ഞെരങ്ങീട-
മൊരു കുഞ്ഞിനെ മാറിൽ-
ച്ചേർത്തുകൊ,ണ്ടവശയായ്,

Digitized By Kerala Sahitya Akademi

പിച്ചപ്പാളയും കൈയിൽ-
പ്പേറികൊണ്ടൊരുവളു-
രുച്ചവെയ്ലത്താ നില്പോൾ?—
ചിരിപ്പു നക്ഷത്രങ്ങൾ!

****

ഞെട്ടിപ്പോയവ,ളതാ
കോഴി കൂകുന്നു, മടി-
ത്തട്ടിലാച്ചെറുപൈതൽ
മയങ്ങിക്കിടക്കുന്നു.

വിളറാനാരംഭിപ്പൂ
പൂർവ്വദിങ്മുഖ,മയ്യോ,
വെളിച്ചം, വെളിച്ചം, ഹാ,
വിറകൊള്ളുന്നു പാപം!

"ഒരു കാലത്തും പാടി-
ല്ലത്ര ദാരുണമാകും
നരകത്തിലേയ്ക്കു, ഞാൻ
വിട്ടയയ്ക്കില്ലാ, നിന്നെ!

ജീവിതം നിനക്കു ഞാ-
നേകുന്ന പാപം നീക്കാ-
നാവില്ല—പാടില്ല, നീ
ജീവിച്ചുകൂടാ, കുഞ്ഞേ!

Digitized By Kerala Sahitya Akademi

വളന്നാൽ ശപിക്കില്ലേ
നീയെന്നെ?"—ദൂരത്തെങ്ങോ
വളർപ്പൂങ്കോഴിയൊന്നു
നീളത്തിൽക്കൂകി വീണ്ടും!

മഞ്ഞുനീക്കണങ്ങളാൽ–
ക്കരയുന്നെന്നോ, മണി–
ക്കുഞ്ഞിനെ നോക്കിനിന്നാ
മരച്ചില്ലകൾപോലും!

അരയാലിലപോലെ
വിറകൊള്ളുന്നൂ, ചെയ്യാ–
നരുതാക്കുട്ടംകൈയ
തമ്മയാണവളിപ്പോൾ!

"വിധിയാക്കറിയാം, നീ–
യോമനേ, സൗഭാഗ്യത്തിൻ–
നിധികുംഭമായ് സ്വയം
മാറുകില്ലെന്നാർ കണ്ടു?

ശ്രീമാവും കലാലോക–
സമ്രാട്ടോ, സമുദായ–
നേതാവോ, സമാധാന–
ദൂതനാം യതീശനോ,

ഇന്നേവം മയങ്ങിയെൻ–
മടിയിൽക്കിടക്കുന്ന
നിന്നിലില്ലെന്നാർ കണ്ടു?—
ചിരിപ്പൂ നക്ഷത്രങ്ങൾ!

Digitized By Kerala Sahitya Akademi

വ്യാമോഹം!—വെറും, വെറും,
വ്യാമോഹം!—മാതാവിൻെറ
വ്യാമോഹം! ഭാഗ്യത്തോട്
നിനക്കെന്തയ്യോ, ബന്ധം?

പൈതലേ പാവപ്പെട്ടോ-
ർക്കുള്ളതല്ലൊരിക്കലും
കൈതവക്കൊടിക്കൂറ
പാറിടുന്നൊരീ ലോകം!

സ്വപ്നത്തിൽ സ്വയമിന്നു
ചിരിക്കും നീ, നാളെ, യ-
സ്വസ്ഥനായ്ത്തേങ്ങിത്തേങ്ങി-
ക്കണ്ണുനീർ പെയ്യും കുഞ്ഞേ!

ഹതയാം ഞാൻമൂലം നീ
'നിത്യദാരിദ്ര്യത്തിൻെറ
ചിതയിൽ—തരികില്ല
മാപ്പെനി,ക്കെങ്കിൽ, ദൈവം!

നിന്നെ ഞാൻ കരയിക്കി-
ല്ലൊരു കാലത്തും—നോക്കൂ
വിണ്ണിൽനി,ന്നതാ, നിന്നെ
വിളിപ്പൂ നക്ഷത്രങ്ങൾ!

എന്നെയിന്നവർക്കൊക്കെ-
പ്പരിഹാസമാ,ണെന്നാൽ
നിന്നോടുണ്ടവർക്കെന്തോ
മമതാബന്ധം നൂനം.



Digitized By Kerala Sahitya Akademi

വേഗമാകട്ടേ, പോക-
യാണവ,രെത്താറായീ
ലോകബാന്ധവൻ, കണ്ണി-
കാണേണ്ട നീയീ ലോകം!

പട്ടിണിപ്പേക്കോലത്തി-
നൊന്നിനെങ്കിലും, മനസ്സിൽ—
ദ്രഷ്ടയായിക്കോട്ടേ ഞാൻ—
കുറവുണ്ടാകുന്നല്ലോ!

മുജ്ജന്മമെന്തോ പാപ-
മല്പം നീ ചെയ്തിട്ടാകാം
മൽസ്തന്യപാനത്തിന്നു
നിനക്കു വിധിയായീ!

അച്ചുണ്ടിൽച്ചിരി,യയ്യോ,
വിറയ്ക്കുന്നിതെൻകൈകൾ
നിശ്ചയം, പാപം, പാപം,
കൺമണീ, കരയൊല്ലേ!

ഇന്നോളം ദൈവംമാത്ര-
മുമ്മവെച്ചൊരച്ചുണ്ടി-
ലൊന്നിനി ഞാനും—കാണാം
നമുക്കു വിണ്ണിൽക്കണ്ണേ!........”

***

Digitized By Kerala Sahitya Akademi

ആക്കത്തിക്കഴ്,ത്തവും
കണ്ണടച്ചുംകൊ,ണ്ടതാ
ഞെക്കുന്നു—ഞരങ്ങഃയ്ക്കു,
പിടയ്ക്കായ്ക്കിളംകുരുന്നു!

ഞൊടിനേരത്തേയ്ക്കുള്ള
വേദനമാത്രം—തീർന്നു
പിടയില്ലിനി നീ, നിൻ-
സർവ്വാംഗം മരവിച്ചു!

സുകൃതം ചെയ്തോനാണു
പൈതലേ, നീ; ലോകത്തിൻ-
പുകയേല്ക്കാതെ നിൻക-
ണ്ണടയാൻ കഴിഞ്ഞല്ലോ!........

*.*

ദേവതേ, നീയെന്തയ്യോ,
കണ്ണുനീർ ചൊരിയുന്ന-
തീവിധം തേങ്ങിത്തേങ്ങി?—
നിന്നെ ഞാൻ നമിക്കുന്നു!

ചെയ്തിട്ടില്ലപരാധ-
മൊന്നും നീ, മന്ദസ്മിതം
പെയ്തെത്തിക്കിഴ,ക്കതാ,
പുല്കുന്നിതീശൻ നിന്നെ!

Digitized By Kerala Sahitya Akademi

മർത്ത്യരെക്കൂട്ടക്കൊല
ചെയ്തു ചെ,ന്തൊഴുകുന്ന
രക്തത്തിൽ നീന്തിപ്പുള-
ച്ചെത്തിടുന്നോർതൻമാറിൽ,

ആത്തകൗതുകം, നാളെ.
ച്ചരിത്രം വാഴ്ത്താനുള്ള
കീർത്തിമുദ്രകൾ തുന്നി-
പ്പിടിപ്പിച്ചതിൻശേഷം,

ലോകനീതിതൻകൈകൾ,
കൽത്തുറുങ്കിലേയ്ക്കന്തി-
യാകുലേ, നീക്കാം നിന്നെ
നിർദ്ദയം — പക്ഷേ ദൈവം

ഉമ്മവെച്ചീടും നിൻെറ
നററിമേൽ, വാത്സല്യത്തിൻ-
വെൺമലർ ചൊരിഞ്ഞുകൊ,-
ണ്ടന്നു, നീ ചിരിക്കില്ലേ?........

സാഹിത്യ

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴക്കൃതികൾ

അനശ്വരഗാനം
അപരാധികൾ
അമൃതവീചി
അസ്ഥിയുടെ പൂക്കൾ
ആകാശഗംഗ
ആരാധകൻ
ഉദ്യാനലക്ഷ്മി
ഓണപ്പൂക്കൾ
കഥാരത്നമാലിക
കരടി
കലാകേളി
കല്ലോലമാല
കളിത്തോഴി
ചൂഡാമണി
തളിർത്തൊത്തുകൾ
തിലോത്തമ
തുടിക്കുന്ന താളുകൾ
ദിവ്യഗീതം
ദേവത
ദേവഗീത
ദേവയാനി
നർത്തകി
നിർവ്വാണമണ്ഡലം
നിർവൃതി
നീറുന്ന തീച്ചൂള
പാടുന്ന പിശാച്
പൂനിലാവിൽ
പെല്ലീസും മെലിസാന്ദയും

പ്രതികാരദുർഗ്ഗ
ബാഷ്പാഞ്ജലി
മഗ്ദലമോഹിനി
മഞ്ഞക്കിളികൾ
മണിവീണ
മദിരോത്സവം
മയൂഖമാല
മാനസാന്തരം
മാനസേശ്വരി
മോഹിനി
മൗനഗാനം
യവനിക
രക്തപുഷ്പങ്ങൾ
രമണൻ
രാഗപരാഗം
വത്സല
വസന്തോത്സവം
വിവാഹാലോചന
ശിഥിലഹൃദയം
ശ്മശാനത്തിലെ തുളസി
ശ്രീതിലകം
സങ്കല്പകാന്തി
സാഹിത്യചിന്തകൾ
സുധാംഗദ
സ്പന്ദിക്കുന്ന അസ്ഥിമാടം
സ്വരരാഗസുധ
ഹനേലെ
ഹേമന്തചന്ദ്രിക

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi